# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/241/2017 2017 നവംബർ 15

## പത്രക്കുറിപ്പ്

### അപേക്ഷാ തീയതി

നാലാം വർഷ ബി.എസ്.സി. എം.ആർ.ടി. (2013 അഡ്മിഷൻ റഗുലർ & 2013ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയം, വൈവാവോസി എന്നിവയ്ക്ക് പിഴയില്ലാതെ നവംബർ 24 വരെയും 50 രൂപ പിഴയോടെ 25 വരെയും 500 രൂപ സൂപ്പർഫൈനോടെ 27 വരെയും അപേക്ഷിക്കാം.

### വൈവാവോസി

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ഏകവർഷ എൽ.എൽ.എം. കോഴ്സിന്റെ രണ്ടാം സെമസ്റ്റർ വൈവാവോസി നവംബർ 24ന് രാവിലെ 10ന് ആരംഭിക്കും. വിശദവിവരങ്ങൾക്ക് സ്കൂൾ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0481 - 2310165.

### പരീക്ഷാഫലം

2017 ജൂണിൽ നടന്ന നാലാം സെമസ്റ്റർ എം.എഡ്. റഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 29 വരെ അപേക്ഷിക്കാം.

### എം.ജി.യിൽ ലേഡി മെഡിക്കൽ ഓഫീസർ ഒഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാലാ ഹെൽത്ത് സെന്ററിൽ പാർട്ട് ടൈം ലേഡി മെഡിക്കൽ ഓഫീസർ (രണ്ട് മണി മുതൽ നാലു മണി വരെ) ഒഴിവിലേക്ക് നവംബർ 22ന് പകൽ 12 മണിക്ക് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. എം.ബി.ബി.എസ്./തത്തുല്യ യോഗ്യതയും കേരള മെഡിക്കൽ കൗൺസിലിന്റെ അംഗീകാരവുമുള്ള ഡോക്ടർമാർക്കും റിട്ടയർ ചെയ്ത ഡോക്ടർമാർക്കും ഇന്റർവ്യൂവിൽ പങ്കെടുക്കാം. പ്രതിമാസം 22000 രൂപ പ്രതിഫലത്തിൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ രാവിലെ 10 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഭരണവിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ – I മുമ്പാകെ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 – 2733302.

### ദ്വിദിന ദേശീയ സെമിനാറിന് ഇന്ന് തുടക്കം

ആന്റി ബയോട്ടിക് പ്രതിരോധ വാരാചരണത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബയോ സയൻസസിന്റെ ആഭിമുഖ്യത്തിൽ ആന്റി ബയോട്ടിക്കുകളുടെ അമിത ഉപയോഗവും തന്മൂലമുണ്ടാകുന്ന പാർശ്വഫലങ്ങളെയും ആസ്പദമാക്കി നടത്തുന്ന ദ്വിദിന ദേശീയ സെമിനാറിന് ഇന്ന് (നവംബർ 16) തുടക്കമാകും. രാജ്യത്തെ പ്രഗത്ഭരായ ശാസ്ത്രജ്ഞർ പങ്കെടുക്കും. നാളെ (നവംബർ 17) പകൽ 2 മണിക്ക് നടക്കുന്ന ഓപ്പൺ ഫോറത്തിൽ പൊതുജനങ്ങളുടെ സംശയനിവാരണത്തിനും അവസരമുണ്ടായിരിക്കും. വിശദവിവരങ്ങൾക്ക് ഫോൺ: 9497655293.

**<u>എം.എസ്.സി. സൂക്ഷ്മപരിശോധന</u>**

2017 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി. ഫിസിക്സ്, ഇലക്ട്രോണിക്സ്, മാത്തമാറ്റിക്സ്, കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ നൽകിയവർ നവംബർ 17, 18 തീയതികളിൽ പുതിയ പരീക്ഷാഭവനിലെ 226-ാം നമ്പർ മുറിയിൽ തിരിച്ചറിയൽ രേഖകളുമായി ഹാജരാകണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**